പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1179 05.03.2020-ൽ മറുപടിക്ക്

കേരള നദീതീര സംരക്ഷണ മണൽവാരൽ നിയന്ത്രണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>,, മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള നദീതീര സംരക്ഷണ മണൽവാരൽ നിയന്ത്രണ നിയമം ലംഘിക്കുന്നതിനുള്ള പിഴ നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ (2002) ഖണ്ഡിക 27 (3) പ്രകാരം അനധികൃത മണൽ ഖനനത്തിനു പയോഗിക്കുന്ന വാഹനം പിടിച്ചെടുക്കുന്നതും വാഹനത്തിനു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നിശ്ചയിക്കുന്ന വിലയും 25000/- രൂപ പിഴയും ആവർത്തിക്കുന്ന ഓരോ തവണയും 1000/- രൂപ അധിക പിഴയും വാഹനയുടമ ഒടുക്കാത്ത പക്ഷം, വാഹനം പിടിച്ചെടുക്കുന്നതും ലേല നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) പ്രസ്തുത പിഴ വർദ്ധിപ്പിക്കുന്നതിന് നിയമ നിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ; | (ബി) അനധികൃത മണൽ ഖനനത്തിനുപയോഗിക്കുന്ന വാഹനം പിടിച്ചെടുക്കുന്നതും വാഹനത്തിന് 25000/- രൂപ പിഴയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും കുറ്റം ആവർത്തിക്കുന്ന ഓരോ തവണയും 1000/- രൂപ അധിക പിഴയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും ഉള്ള നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) നിലവിലുള്ള നിയമ പ്രകാരം ഇത്തരത്തിൽ കണ്ടു കെട്ടുന്ന മണൽ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്നും പുതിയ ഭേദഗതിയിൽ ആയതിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കുമോ; | (സി) നിലവിൽ പിടിച്ചെടുക്കുന്ന മണൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന വിൽക്കുന്നതും തുക RMF -ൽ ഒടുക്കു വരുത്തുന്നതും പിഴയായി ലഭിക്കുന്ന തുക തഹസീൽദാർ മുഖാന്തിരം RMF-ൽ ഒടുക്കു വരുത്തുന്നതും ആകുന്നു. എന്നാൽ കണ്ടു കിട്ടിയ മണലിന്റെ മതിപ്പു വില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതുമാണ് എന്ന വിധത്തിൽ ആക്റ്റിന് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഏതൊക്കെ നദികളും നദീതീരങ്ങളുമാണ് പുതിയ നിയമത്തിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) കേരളത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 9 നദികളും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 35 നദികളും പ്രസ്തുത ഭേദഗതി നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ